**പരീക്ഷ - അടിയന്തിര പ്രാധാന്യം**

തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി
പരീക്ഷാ സെക്രട്ടറിയുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം - 1

നമ്പർ : VX1/5925/2010 തീയതി : 23/07/2010

# സർക്കുലർ

വിഷയം: വി. എച്ച്. എസ്. ഇ. - ഒന്നും രണ്ടും വർഷ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്കുള്ള ഇംപ്രൂവ്മെന്റ് പരീക്ഷ - സംബന്ധിച്ച്

സൂചന: ഈ ഓഫീസിലെ 15/07/2010 - ലെ ഇതേ നമ്പർ പരീക്ഷാ വിജ്ഞാപനം.

**1.** 2010 മാർച്ചിലെ രണ്ടാം വർഷ പരീക്ഷയിലോ തുടർന്ന് നടത്തിയ സേ ജൂൺ 2010 പരീക്ഷയിലോ **കണ്ടിന്യൂവസ് ഇവാല്യൂവേഷൻ & ഗ്രേഡിംഗ് പരിഷ്കരിച്ച സ്കീമിൽ** പരീക്ഷ എഴുതി തിയറി വിഷയങ്ങൾക്ക് D+ ഗ്രേഡോ അതിനു മുകളിലുള്ള ഗ്രേഡുകളോ വൊക്കേഷണൽ പ്രായോഗിക വിഷയത്തിന് C ഗ്രേഡോ അതിനു മുകളിലുള്ള ഗ്രേഡുകളോ **ലഭിക്കാത്ത വിദ്യാർത്ഥികൾ യോഗ്യത നേടാത്ത എല്ലാ വിഷയങ്ങൾക്കും** 2010 സെപ്തംബറിൽ നടക്കുന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് ഒന്നാം വർഷ പരീക്ഷയും തുടർന്ന് 2011 മാർച്ചിൽ നടത്തുന്ന രണ്ടാം വർഷ പരീക്ഷയും എഴുതേണ്ടതാണ്. സെപ്തംബർ 2010 ലെ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയിലെ സ്കോറുകളോടൊപ്പം വിദ്യാർത്ഥി തുടർന്ന് 2011 മാർച്ചിൽ എഴുതുന്ന രണ്ടാം വർഷ പരീക്ഷാ സ്കോറുകൾ കൂടി പരിഗണിച്ചായിരിക്കും ഫലം നിശ്ചയിക്കുന്നത്. നിലവിലുള്ള പ്രായോഗിക പരീക്ഷാ സ്കോർ (PE), നിരന്തര മൂല്യനിർണ്ണയ സ്കോറുകൾ (CE), ഇന്റേൺഷിപ്പ് ഇവാല്യുവേഷൻ (IE) സ്കോറുകൾ കൂടി പരിഗണിച്ചായിരിക്കും അതതു വിഷയങ്ങളുടെ യോഗ്യത നിർണ്ണയിക്കുന്നത്. **2010 ലെ സെപ്തംബർ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാത്ത ഈ വിഭാഗം വിദ്യാർത്ഥികൾക്ക് 2011 മാർച്ചിലെ രണ്ടാം വർഷ പരീക്ഷ എഴുതുവാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല. ഇത്തരത്തിലുള്ള പരീക്ഷാ പരിഷ്ക്കാരം ആദ്യമായി നടപ്പിൽ വരുന്നതിനാൽ കണ്ടിന്യൂവസ് ഇവാല്യൂവേഷൻ & ഗ്രേഡിംഗ് പരിഷ്കരിച്ച സ്കീമിൽ 2010 മാർച്ചിലോ തുടർന്നു നടത്തിയ സേവ് എ ഇയർ ജൂൺ 2010 പരീക്ഷയിലോ പരീക്ഷ എഴുതി യോഗ്യത നേടാത്ത എല്ലാ വിദ്യാർത്ഥികളേയും നേരിട്ട് അറിയിച്ച് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്കൂൾ പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതാണ്.**

2. മാർച്ച് 2010 ൽ നടത്തിയ രണ്ടാം വർഷ പരീക്ഷയിലോ തുടർന്നു നടത്തിയ സേവ് എ ഇയർ ജൂൺ 2010 പരീക്ഷയിലോ **കണ്ടിന്യൂവസ് ഇവാല്യൂവേഷൻ & ഗ്രേഡിംഗ് പ്രാരംഭ സ്കീമിൽ** പരീക്ഷ എഴുതി യോഗ്യത നേടാത്തവർ 2010 സെപ്തംബറിലെ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതില്ല. ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ രണ്ടാം വർഷ പരീക്ഷയിലെ സ്കോറുകൾ മാത്രം പരിഗണിച്ച് ഫലം പ്രഖ്യാപിക്കുന്നതാണ്.

3. 2009 മാർച്ചിലെ ഒന്നാം വർഷ പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും കണ്ടിന്യൂവസ് ഇവാല്യൂവേഷൻ & ഗ്രേഡിംഗ് പരിഷ്കരിച്ച സ്കീമിൽ എഴുതി 2009 ആഗസ്റ്റ് ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാതെ വിവിധ കാരണങ്ങളാൽ രണ്ടാം വർഷ പഠനം പൂർത്തിയാക്കാൻ കഴിയാതെ തുടർന്ന് 2010 - 2011 അദ്ധ്യയന വർഷം രണ്ടാം വർഷ പുനഃപ്രവേശനം നേടിയവർക്കും പരമാവധി മൂന്ന് വിഷയങ്ങൾക്കും മാത്രം 2010 സെപ്തംബറിൽ നടത്തുന്ന ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. 2009 മാർച്ചിൽ നിശ്ചിത യോഗ്യത നേടി രജിസ്റ്റർ ചെയ്ത് ഹാജരാകാൻ കഴിയിതിരുന്നുവരും സൂചന വിജ്ഞാപനത്തിലെ നിർബന്ധനകൾ പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

പരീക്ഷയ്ക്കുള്ള അപേക്ഷകൾ ജൂലായ് 30 നകം വിദ്യാർത്ഥികൾ പരീക്ഷ പൂർത്തിയാക്കിയ സ്കൂളുകളിൽ സമർപ്പിക്കേണ്ടതാണ്. പരീക്ഷയുടെ ഫീസ് ഒരു വിഷയത്തിന് 125 രൂപയാണ്. ഇതിനു പുറമേ സ്കോർ ഷീറ്റിനു 20 രൂപയും അടയ്ക്കേണ്ടതാണ്.

(Sd/-)
**സെക്രട്ടറി**

പകർപ്പ്:

1. എല്ലാ വി. എച്ച്. എസ്. എസ് പ്രിൻസിപ്പൽമാർക്കും
2. എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
3. കരിക്കുലം വിഭാഗം വി. എച്ച്. എസ്. ഇ. ഡയറക്ടറേറ്റ്
4. ഓഫീസ് കോപ്പി.